## യൂണിറ്റ് 15 : സ്കൂൾവിക്കി - പുതിയ ഉപതാൾ സൃഷ്ടിക്കലും പേജിലേക്ക് കണ്ണിചേർക്കലും

സ്കൂൾവിക്കിയുടെ ഒരുപേജിൽ വളരെക്കൂടുതൽ വിവരങ്ങൾ ചേർക്കുന്നത് വായനയ്ക്ക് അസൗകര്യമുണ്ടാക്കുകയും അത്തരം പേജ് ബ്രൗസറിൽ തുറന്നുകിട്ടാൻ പ്രയാസമുണ്ടാക്കുകയും ചെയ്യും. എളുപ്പത്തിൽ നമുക്കാവശ്യമായ വിവരങ്ങളിലേക്കെത്തുന്നതിന് വേണ്ടി, ഉപതാളുകൾ സൃഷ്ടിച്ച് വിവരങ്ങളെ തരംതിരിച്ച് രേഖപ്പെടുത്താൻ സൗകര്യമൊരുക്കിയിരിക്കുന്നത് ഈ പ്രശ്നം ഒഴിവാക്കുന്നതിനാണ്. ഇങ്ങനെ സൃഷ്ടിക്കുന്ന ഉപതാളുകളിലേക്ക് കൃത്യമായി കണ്ണി ചേർക്കണം, അല്ലാത്തപക്ഷം അവ സ്വതന്ത്രതാളുകളായി നിലനിൽക്കുകയും വായനയ്ക്ക് ലഭ്യമല്ലാതായിത്തീരുകയും ചെയ്യും. ഉപതാളുകൾ സൃഷ്ടിക്കുന്നതെങ്ങനെയെന്നും അവയിലേക്ക് കണ്ണിചേർക്കുന്നതെങ്ങനെയെന്നും താഴെ വിവരിക്കുന്നു.

**ഒരു കണ്ണി സൃഷ്ടിക്കുന്നതിനൊപ്പം പുതിയൊരു ഉപതാൾ സൃഷ്ടിക്കുന്നതാണ് താഴെ വിശദീകരിക്കുന്നത്.**




ഒരു പ്രൈമറി വിദ്യാലയം വിവിധ ക്ലബ്ബുകളുടെ പേര് കണ്ണിചേർത്ത് തയ്യാറാക്കിയ ഒരു പേജിന്റെ ഭാഗമാണ് ഉദാഹരണമായി നൽകിയിരിക്കുന്നത്. ക്ലബ്ബുകളുടെ വിശദാംശങ്ങളെല്ലാം പ്രത്യേകം ഉപതാളുകളിലാണ് ഈ വിദ്യാലയം ചേർത്തുകൊണ്ടിരിക്കുന്നത്.

ജി.യു.പി.എസ്.ചെമ്മനാട് വെസ്റ്റ് കണ്ണി സൃഷ്ടിച്ചതെങ്ങനെയെന്ന് **മാതൃക** കാണാം




*ക്ലബ്ബുകൾ ടാബ് എടുക്കുക.*




*താൾ സൃഷ്ടിക്കുക എന്ന ഓപ്ഷൻ എടുക്കുക. പേജ് എഡിറ്റ് ചെയ്യാൻ സജ്ജമാവുന്നു.*




നിലവിലുള്ള ക്ലബ്ബുകളുടെ പേരുകൾ ചേർക്കുക. **പ്രവൃത്തിപരിചയ ക്ലബ്ബ്** സെലക്റ്റ് ചെയ്യുക. **Link icon** (കണ്ണി) ക്ലിക്ക് ചെയ്യുക




പ്രവൃത്തിപരിചയ ക്ലബ്ബ് എന്നതിന് മുൻപിൽ **ജി.യു.പി.എസ്.ചെമ്മനാട് വെസ്റ്റ്/ക്ലബ്ബുകൾ** എന്ന് ചേർക്കണം

ഇവിടെയാണ് പ്രത്യേക ശ്രദ്ധ വേണ്ടത്. **പ്രവൃത്തിപരിചയ ക്ലബ്ബ്** എന്ന വാക്കുകളിലേക്കാണ് കണ്ണി ചേർക്കേണ്ടത്. എന്നാൽ **പ്രവൃത്തിപരിചയ ക്ലബ്ബ് എന്നത്** ഒരു സ്വതന്ത്രതാളായി മാറരുത്. **സ്കൂൾ പേജ്/ ക്ലബ്ബുകൾ** എന്നതിന്റെ ഉപതാളായി മാറണം.

അതിന് സ്കൂൾപേര് ടൈപ്പ് ചെയ്യരുത്. പകരം, **പ്രവൃത്തിപരിചയ ക്ലബ്ബ്** എന്നതിന് **തൊട്ടുമുന്നിലായി / (left slash) ചേർക്കുക. ഏത് പേജിലാണോ കഴ്സർ നിൽക്കുന്നത്, അതിന്റെ തലക്കെട്ട് left slash ന് മുൻപിൽ തനിയേ ചേർക്കപ്പെടും.**

**താൾ സേവ് ചെയ്യുക.**




പ്രവൃത്തിപരിചയ ക്ലബ്ബ് എന്നതിന് മുൻപിൽ **left slash** ( / ) ടൈപ്പ് ചെയ്യുന്നു. Source page പേര് (ജി.യു.പി.എസ്.ചെമ്മനാട് വെസ്റ്റ്/ക്ലബ്ബുകൾ ) എന്ന് തനിയേ ചേർക്കപ്പെടുന്നു




**പ്രവൃത്തിപരിചയ ക്ലബ്ബ് എന്ന കണ്ണി സൃഷ്ടിക്കപ്പെട്ടു. ഈ കണ്ണിയിൽ ക്ലിക്ക് ചെയ്യുക**




മൂലരൂപം തിരുത്തൽ (Source Editing) സങ്കേതത്തിൽ ഒരു പുതിയ താൾ തുറന്നുവരുന്നു. ഇതിൽ വിവരങ്ങൾ ചേർക്കാം.




**Preview കാണുക. താൾ സേവ് ചെയ്യുക**




**പുതിയ ഉപതാൾ സൃഷ്ടിക്കപ്പെട്ടു.**


ജി.യു.പി.എസ്.ചെമ്മനാട് വെസ്റ്റ്/ക്ലബ്ബുകൾ/പ്രവൃത്തിപരിചയ ക്ലബ്ബ്

കുട്ടിയുടെ സമ്പൂർണ്ണവും സമഗ്രവുമായ വികസനമാണ് വിദ്യാഭ്യാസത്തിൻറെ ലക്ഷ്യം. ശാരീരിക വൈകാരിക വൈജ്ഞാനിക മേഖലകളുടെ സംയോജനവും വികാസവും സാധ്യമാക്കുന്നതിന് പ്രവൃത്തിപഠനം വളരെയധികം ഉപകരിക്കുന്നു. രാജ്യത്തിൻറെ ഏറ്റവും വലിയ സമ്പത്തായ മാനവശേഷി ഫലപ്രദമായി ഉപയോഗിച്ച് സൃഷ്ടിപരതയും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ചാൽ മാത്രമേ രാജ്യ പുരോഗതി സാധ്യമാകൂ. സമൂഹത്തിന് പ്രയോജനപ്രദമായ ഉല്പന്ന നിർമ്മിതിയിലേക്കോ സേവനങ്ങളിലേക്കോ വിദ്യാർത്ഥികളെ നയിക്കുവാൻ പ്രവൃത്തിപഠനം അനിവാര്യമാണ്. സ്കൂൾ പ്രവൃത്തി പഠനത്തിലൂടെ മാനവശേഷി വികാസവും അസംസ്കൃത വസ്തുക്കൾ, ഉപകരണങ്ങൾ തുടങ്ങിയവ കൈകാര്യം ചെയ്യുന്നതിനുള്ള കഴിവുകൾ നേടാനും അതുവഴി മെച്ചപ്പെട്ട ഒരു തൊഴിൽ സംസ്കാരവും മാനസിക ഉല്ലാസം വളർത്താനും സാധിക്കുന്നു. അത് അവരിൽ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുക, തൊഴിലിനോടും തൊഴിലാളികളോടും ആഭിമുഖ്യം ജനിപ്പിക്കുക, സാമൂഹ്യ ബന്ധം മെച്ചപ്പെടുത്തുക, സഹകരണ മനോഭാവം വളർത്തി വ്യക്തിത്വ വികസനം സാധ്യമാക്കുക തുടങ്ങിയവക്ക് കാരണമാകുകയും ചെയ്യുന്നു.

ചെമ്മനാട് ഗവൺമെന്റ് യു.പി.സ്കൂളിൽ പ്രവൃത്തി പഠനവും ക്ലബ്ബ് പ്രവർത്തനവും ഉൾചേർന്ന് കിടക്കുന്നു. സ്കൂളിൽ നിർമ്മിക്കുന്ന ചോക്കുകളാണ് വിദ്യാലയത്തിൽ ഉപയോഗിക്കുന്നത് എന്നതു തന്നെ പ്രസക്തമാണ്. 2020- ൽ എൽ.പി. വിഭാഗത്തിൽ മത്സരിക്കാവുന്ന 10 ഇനങ്ങളിൽ 7 ഒന്നാം സ്ഥാനവും 2 മൂന്നാം സ്ഥാനവും ഒരു രണ്ടാം സ്ഥാനവും അടക്കം ഓവറോൾ ചാമ്പ്യൻഷിപ്പ്, യു.പി. വിഭാഗത്തിൽ 10 ഇനങ്ങളിൽ 8 ഒന്നാം സ്ഥാനവും 2 മൂന്നാം സ്ഥാനവും ഉൾപ്പെടെ മിന്നുന്ന ചാരുതയോടെ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി ഉപജില്ലയിലെ ബസ്റ്റ് സ്കൂളും മികച്ച പ്രവൃത്തിപരിചയ ക്ലബ്ബിനുള്ള അവാർഡും നേടാനും തൊഴിൽ പരിശീലനത്തിന്റെ അനന്ത സാധ്യതകൾ സന്തോഷം ഏറ്റെടുക്കാനും സാധിച്ചു.

എൽ.പി, യു.പി. ഓവറോൾ ചാമ്പ്യൻഷിപ്പ് നേട്ടവുമായി.



കൂടുതൽ വിവരങ്ങൾ ചേർത്ത് മെച്ചപ്പെടുത്താം.

സ്വന്തം വിദ്യാലയത്തിന്റെ ക്ലബ്ബുകൾ പേജിൽ ഇതുപോലെ കണ്ണി സൃഷ്ടിച്ച് നോക്കൂ.

ഉദാഹരണമായെടുത്ത ജി.യു.പി.എസ്.ചെമ്മനാട് വെസ്റ്റ് ഇവിടെ കാണാം

# Unit 15- VideoTutorial

-----------------------------------------------------------------------------------------------

മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും പ്രവർത്തനങ്ങൾ വിശദീകരിക്കുന്ന വീഡിയോ ഫയലുകളും ഇവിടെക്കാണാം

-----------------------------------------------------------------------------------------------

പരിശീലനത്തിൽ പങ്കെടുക്കുന്നവർ ഇവിടെ രജിസ്റ്റർ ചെയ്യുക.

ജില്ലയുടെ വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ ചേരുന്നതിന് ഇവിടെ സൗകര്യമുണ്ട്.

സാങ്കേതിക സഹായത്തിന് : SchoolwikiHelpDesk സന്ദർശിക്കുക